# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3827** **15.03.2017-ൽ മറുപടിയ്ക്ക്**

**ലോട്ടറി വകുപ്പ് പുറത്തിറക്കുന്ന ഭാഗ്യക്കുറി ടിക്കറ്റുകൾ**

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന ലോട്ടറി വകുപ്പ് ഇപ്പോൾ പുറത്തിറക്കുന്ന ഭാഗ്യക്കുറി ടിക്കറ്റുകൾ ഏതൊക്കെ എന്നും ഓരോന്നിന്റെയും പേരും, ടിക്കറ്റ് വിലയും, സമ്മാനത്തുകയും, നറുക്കെടുപ്പ് ദിവസവും സഹിതം വ്യക്തമാക്കാമോ; ഓരോ വിഭാഗത്തിലും എത്ര വീതം ടിക്കറ്റുകൾ വിൽക്കുന്നുണ്ട്; | (എ) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നിലവിൽ 7 പ്രതിവാര ഭാഗ്യക്കുറികളും മാസത്തിൽ ഒന്നാമത്തെയും മൂന്നാമത്തെയും വെള്ളിയാഴ്ചകളിൽ നിർമ്മൽ ബൈ വീക്കിലി ഭാഗ്യക്കുറിയും, വർഷത്തിൽ 6 ബമ്പർ ഭാഗ്യക്കുറികളും നടത്തി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ലോട്ടറിയുടെ പേര് | മുഖവില | നറുക്കെടുപ്പ് ദിവസം | സമ്മാന ഘടന പ്രകാരം വാഗ്ദാനം ചെയ്തിട്ടുള്ള സമ്മാനത്തുക | സമ്മാനഘടന പ്രകാരം അച്ചടിക്കാവുന്ന ടിക്കറ്റുകളുടെ എണ്ണം |
|---|---|---|---|---|
| പൗർണമി | 30 | ഞായർ | 11,68,90,000 | 90 ലക്ഷം |
| വിൻവിൻ | 30 | തിങ്കൾ | 11,78,90,000 | 90 ലക്ഷം |
| സ്ത്രീശക്തി | 50 | ചൊവ്വ | 8,86,90,000 | 45 ലക്ഷം |
| അക്ഷയ | 30 | ബുധൻ | 11,92,90,000 | 90 ലക്ഷം |
| കാരുണ്യ പ്ലസ് | 50 | വ്യാഴം | 8,94,40,000 | 45 ലക്ഷം |
| ഭാഗ്യനിധി | 30 | വെള്ളി | 11,95,90,000 | 90 ലക്ഷം |
| കാരുണ്യ | 50 | ശനി | 8,71,40,000 | 45 ലക്ഷം |
| നിർമ്മൽ | 50 | മാസത്തിൽ ഒന്നാമത്തേയും മൂന്നാമത്തെയും വെള്ളിയാഴ്ചകളിൽ | 8,83,55,000 | 45 ലക്ഷം |
| സമ്മർ ബമ്പർ 2016 | 100 | 16-03-16 | 12,54,25,000 | 45 ലക്ഷം |
| വിഷു ബമ്പർ 2016 | 100 | 18-05-16 | 16,17,00,000 | 54 ലക്ഷം |
| മൺസൂൺ ബമ്പർ 2016 | 100 | 20-07-16 | 12,99,25,000 | 45 ലക്ഷം |
| തിരുവോണം ബമ്പർ 2016 | 200 | 23-09-16 | 39,59,00,000 | 72 ലക്ഷം |
| പൂജ ബമ്പർ 2016 | 150 | 23-11-16 | 18,51,50,000 | 45 ലക്ഷം |
| ക്രിസ്തുമസ്-ന്യൂഇയർ ബമ്പർ 2016-17 | 100 | 20-01-17 | 13,14,00,000 | 45 ലക്ഷം |

<table>
<tr>
<td></td>
<td></td>
<td></td>
<td>മേൽ സൂചിപ്പിച്ച ഭാഗ്യക്കുറികളുടെ ഏറ്റവും ഒടുവിൽ (02-03-17 മുതൽ 09-03-17 വരെ) നടന്ന നറുക്കെടുപ്പിൽ വിൽക്കപ്പെട്ട ടിക്കറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.
<table>
<tr><td>പൗർണമി</td><td>72,50,000</td></tr>
<tr><td>വിൻവിൻ</td><td>72,19,000</td></tr>
<tr><td>സ്ത്രീശക്തി</td><td>33,00,000</td></tr>
<tr><td>അക്ഷയ</td><td>72,50,000</td></tr>
<tr><td>കാരുണ്യപ്ലസ്</td><td>33,00,000</td></tr>
<tr><td>ഭാഗ്യനിധി</td><td>69,99,946</td></tr>
<tr><td>കാരുണ്യ</td><td>33,00,000</td></tr>
<tr><td>നിർമ്മൽ</td><td>11,49,480</td></tr>
<tr><td>സമ്മർ ബമ്പർ 2016</td><td>29,24,410</td></tr>
<tr><td>വിഷു ബമ്പർ 2016</td><td>45,16,018</td></tr>
<tr><td>മൺസൂൺ ബമ്പർ 2016</td><td>26,25,000</td></tr>
<tr><td>തിരുവോണം ബമ്പർ 2016</td><td>69,79,589</td></tr>
<tr><td>പൂജ ബമ്പർ 2016</td><td>15,66,600</td></tr>
<tr><td>ക്രിസ്തുമസ്-ന്യൂഇയർ ബമ്പർ 2016-17</td><td>31,95,200</td></tr>
</table>
</td>
</tr>
<tr>
<td>(ബി)</td>
<td>സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ അവസാന 4 അക്കങ്ങൾ ഒത്തുവന്നാൽ 500 രൂപ മുതൽ 5000 രൂപ വരെ ലഭിക്കുമെന്നതിനാൽ, വ്യാജലോട്ടറി ടിക്കറ്റുകൾ ഈ രംഗത്ത് പ്രചരിക്കാൻ സാധ്യതയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച എന്തെങ്കിലും പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;</td>
<td>(ബി)</td>
<td>സമ്മാനാർഹമായ നമ്പരുകൾ വിദഗ്ധമായി തിരുത്തിയ ടിക്കറ്റുകൾ ചെറുകിട ഏജന്റുമാർ, വിൽപ്പനക്കാർ എന്നിവർക്കു നൽകി സമ്മാനം തട്ടാൻ ശ്രമിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത/വ്യാജ ലോട്ടറികളെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി സംസ്ഥാന ഇന്റലിജൻസ് എ.ഡി.ജി.പി. അധ്യക്ഷനായി സംസ്ഥാനതല ലോട്ടറി മോണിറ്ററിംഗ് സമിതിയും അതത് ജില്ലാ കളക്ടർമാർ അധ്യക്ഷനായി ജില്ലാതല ലോട്ടറി മോണിറ്ററിംഗ് സമിതിയും രൂപീകരിച്ചിട്ടുണ്ട്. മോണിറ്ററിംഗ് സെൽ മുഖാന്തിരവും പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തിയും ലോട്ടറി റെഗുലേഷൻ ആക്ട് 1998, ഇന്ത്യൻ പീനൽ കോഡ് എന്നിവ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് ഇത്തരം അനധികൃത പ്രവണതകൾക്കെതിരെ നിയമ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ലോട്ടറി ടിക്കറ്റുകളുടെ സുരക്ഷാ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനുള്ള വിദഗ്ധ സമിതി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.</td>
</tr>
</table>

| | | | |
|---|---|---|---|
| (സി) | അന്യസംസ്ഥാന ലോട്ടറികൾക്ക് ഇപ്പോൾ സംസ്ഥാനത്ത് വിൽപ്പനാനുമതി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ലോട്ടറികൾക്ക്; ഓരോ ലോട്ടറിയുടെയും ടിക്കറ്റ് വില, സമ്മാനത്തുക, നറുക്കെടുപ്പ് തീയതി, സംസ്ഥാനത്ത് വിറ്റഴിക്കാൻ അനുമതി നൽകിയവയുടെ എണ്ണം എന്നിവ സഹിതം വ്യക്തമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | ഇതരസംസ്ഥാന ലോട്ടറികളിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ; ഇവയുടെ വ്യാജലോട്ടറികൾ സംബന്ധിച്ച് എന്തെങ്കിലും പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ഡി) | ഇതരസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വിൽക്കാൻ നിലവിൽ അനുമതി നൽകിയിട്ടില്ല. ഇതര സംസ്ഥാന ലോട്ടറികളുടെ വ്യാജലോട്ടറികൾ സംബന്ധിച്ച് പരാതി കളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ.**